# ഉമ്മയാകുക; രണ്ടാനുമ്മയായാലും

കബീർ എം. പറളി

അന്യരുടെ കരുണ ലഭിക്കാൻ അർഹരായവർ അവഗണിക്ക പ്പെട്ട് കിടക്കുമ്പോൾ പച്ചക്കരളുള്ള വിശ്വാസികൾ വേദനിക്കും. തങ്ങളാലാകുന്ന സഹായങ്ങൾ നൽകി അത്തരക്കാരെ ദുരി തത്തിൽ നിന്നും കരകയറ്റിയവർ നമുക്കു ചുറ്റും ഏറെയുണ്ട്. ഒരു ദരിദ്രനെ സഹായിച്ചവൻ, ഒരു രോഗിയുടെ ചികിത്സക്ക് പണം ചെലവഴിച്ചവന്, ഒരു യതീമിന്റെ ഉത്തരവാദിത്തമേറ്റെടുത്തവൻ, ഒരു വിധവക്ക് ജീവിതം നൽകിയ വൻ, അങ്ങനെ ഒരുപാട് പേരുണ്ട് വിശ്വാസീ വൃത്തത്തിൽ. സ്വന്തം ഉത്തര വാദിത്ത മറിഞ്ഞ് പ്രതിഫലേച്ഛയോടെ നിർവഹിക്കപ്പെടുന്ന ഇത്തരം വൈവിധ്യ ധർമ്മങ്ങളി ലൂടെ വിശ്വാസികൾ ആഹ്ലാദമ നുഭവിക്കാറുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവന്റെ ദാസീദാസന്മാർക്ക് വിവിധ തരത്തിൽ വന്നുകിട്ടാറുണ്ട്. ജീവതത്തിൽ പ്രയാസപ്പെടുന്ന ഒരാൾക്ക് സമൂഹത്തിലെ ഔദാര്യ ങ്ങളും ദാക്ഷിണ്യങ്ങളും അനുഭവിക്കാനാകുന്നത് അവയിൽപ്പെട്ട ഒന്നാണ്. മാനസിക മായും ശാരീരികമായും വ്യത്യസ്ത ദുരിതത്തിൽപ്പെട്ടവൻ അതിൽ നിന്നും കരകയ റാനുള്ള പ്രാർഥനയും തന്നാലാകുന്ന പ്രവർത്തനവും നടത്താറുണ്ട്. കരുണാർദ്ര ഹൃദയങ്ങൾ അവർക്കുവേണ്ടി കൈനൽകുമ്പോൾ എന്തെന്നില്ലാത്ത സന്തോഷ മാണവർക്ക്. സഹായം സ്വീകരിക്കുന്ന ഒരു ദരിദ്രന്റെ, രോഗിയുടെ, കടബാധി തന്റെ, അനാഥയുടെ, വിധവയുടെ മുഖത്തേക്ക് നോക്കിയിട്ടുണ്ടോ നിങ്ങൾ? അതിരില്ലാത്ത ആനന്ദത്തിന്റെ ആന്ദോളനങ്ങൾ ആ മുഖങ്ങളിലൊക്കെ നിങ്ങൾക്ക് കാണാനാകും!

എന്നാൽ ചുറ്റുപാടുകളിലെ സംഭവങ്ങൾ, ''തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാ വിനോട് നന്ദികെട്ടവൻ തന്നെ'' (ആദിയാത്ത്: 06) എന്ന ഖുർആനിക വചനത്തെ മിക്കപ്പോഴും ഓർമ്മപ്പെടുത്താറുണ്ട്. സമുദായ സഹൃദയരുടെ ഉപ്പും ചോറും തിന്നിട്ട്, അനാഥാലയത്തിന്റെ ആശ്രയവും, ഔദാര്യവും ഉപയോഗപ്പെടുത്തി വിദ്യാഭ്യാസ -ഉദ്യോഗ രംഗങ്ങളിൽ നേട്ടങ്ങൾ കൊയ്തിട്ട്, തന്നെപ്പോറ്റിയ സമുദായത്തേയും, തന്നെപ്പോറ്റാൻ അവർക്ക് മനസ്സുനൽകിയ റബ്ബിനേയും തള്ളിപ്പറയുന്ന നന്ദികെട്ടവർ നമുക്കിടയിലില്ലെ?! വിഷമസന്ധികളിൽ അല്ലാഹുവിന്റെ തിരുനോട്ടത്തിന് കയ്യു യർത്തി പ്രാർത്ഥിച്ചവൻ പ്രയാസങ്ങളകന്നാൽ, അവ തങ്ങളുടെ ജീവിതത്തിലു ണ്ടായിരുന്നൊ എന്നുപോലും ചിന്തിക്കാൻ കൂട്ടാക്കാറില്ല. പടച്ചവന്റെ കാരുണ്യം കൊണ്ട് ദുരിതത്തിൽ നിന്നും കരകയറിയാൽ, ഇനിയും കരകയറാതെ കഴിയുന്ന സഹജീവികളിലേക്ക് നോക്കാൻ മനുഷ്യൻ തയ്യാറാകണം. അതില്ലാതെ പോകുന്നു വെങ്കിൽ നികൃഷ്ടമായ നന്ദികേടാണത്.

ഈ ആമുഖം ഇന്നുവരേയും പറഞ്ഞു തുടങ്ങിയിട്ടില്ലാത്ത ഒരു ഗൗരവപ്പെട്ട കാര്യ ത്തിലേക്ക് വിരൽ ചൂണ്ടാനാണ്. ഒരു സംഭവം പറഞ്ഞു തുടങ്ങാം.

മക്കളോട് അതിരറ്റ സ്നേഹവും വാത്സല്യവുമുള്ള വ്യക്തിയാണ് എന്റെ സുഹൃത്ത്. ഭാര്യയുടെ മരണാനന്തരം നാലുവർഷത്തോളം മറ്റൊരു വിവാഹത്തെപ്പറ്റി ചിന്തിക്കാ തിരുന്നതും തന്റെ മക്കളെ ഓർത്തുതന്നെയായിരുന്നു. സ്വന്തം ഉമ്മയുടെ സ്ഥാനത്ത് മറ്റൊരു സ്ത്രീ വന്നാൽ തന്റെ വാത്സല്യനിധികളോടുള്ള അവളുടെ പെരുമാറ്റവും പരിഗണനയും എത്രത്തോളം അനുകൂലമായിരിക്കും എന്ന ആശങ്കയായിരുന്നു അയാളിൽ.

അവസാനം പലരുടേയും നിർബന്ധത്തിനു വഴിങ്ങി പഠിപ്പും വെടിപ്പുമുള്ള ഒരു പെണ്ണിനെ അയാൾ വിവാഹം കഴിക്കുകയായിരുന്നു. പാവപ്പെട്ട കുടുംബത്തിലെ അംഗം. ആദ്യവിവാഹബന്ധം തന്റേതല്ലാത്ത കാരണത്താൽ വേർപെടുത്തേണ്ടി വന്നപ്പോൾ കഴിഞ്ഞ ആറുവർഷമായി അവൾ വീട്ടിലിരുപ്പായിരുന്നു. അടക്കവും ഒതുക്കവുമുള്ള പെണ്ണ്. വിശദമായി അന്വേഷണങ്ങൾക്കും സംസാരങ്ങൾക്കുമൊടു

വിലാണ് അയാളവളെ വിവാഹം ചെയ്തത്. നഷ്ടപ്പെട്ട ജീവിതവെട്ടം തിരിച്ചു കിട്ടാൻ പടച്ച റബ്ബിനോട് മനം നൊന്ത് പ്രാർത്ഥിച്ചു കഴിഞ്ഞിരുന്ന അവൾക്കും ആ പുതിയ വെളിച്ചത്തിൽ ആനന്ദമുണ്ടായിരിക്കണം.

ഞാനെന്നും അവരുടെ വിശേഷങ്ങൾ ചേദിച്ചറിയുമായിരുന്നു. അയാൾക്കപ്പോൾ തന്റെ ഭാര്യയെപ്പറ്റി പറയാൻ ആയിരം നാക്കുള്ളതുപോലെയാണ്. കുടുംബത്തിൽ വന്നു ചേർന്ന സജീവതയെപ്പറ്റി, അവൾ തന്നോട് കാണിക്കുന്ന വിനയത്തെപ്പറ്റി, കുട്ടികളുടെ കാര്യത്തിൽ അവൾ കാട്ടുന്ന ശ്രദ്ധയെപ്പറ്റി അങ്ങനെ ഒരുപാടൊരുപാട് പറയുമായിരുന്നു അയാൾ.

അടുത്ത വെക്കേഷൻ സമയത്ത് വഴിയിൽ വെച്ചാണ് എന്റെ സുഹൃത്തിന്റെ ആറു വയസ്സുള്ള ഇളയ മകളെ ഞാൻ കണ്ടത്. കുശലം ചോദിക്കുന്നതിനിടയിൽ അവളുടെ ഇടതു കവിൾത്തടത്തിലെ തുടുത്ത തിണർപ്പ് ശ്രദ്ധിച്ചു കൊണ്ട് ഞാൻ ചോദിച്ചു: 'ഇതെന്തു പറ്റി മോളെ?' ഞാൻ പ്രതീക്ഷിക്കാത്തതും കേൾക്കാൻ ആഗ്രഹിക്കാത്ത തുമായ പല കാര്യങ്ങളും ആ കുഞ്ഞെന്നോട് പറഞ്ഞു! മുറിഞ്ഞ് ചോരയൊഴുകുന്ന ആ ഇളം മനസ്സിന്റെ മുമ്പിൽ നിൽക്കുമ്പോൾ, ഞാനോർത്തു പോയി: 'തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട് നന്ദികെട്ടവൻ തന്നെ!!'

നിരന്തരം കുട്ടികളെ ചീത്തപറയുകയും മർദ്ദിക്കുകയും ചെയ്യുന്ന ഒരു ഒരു 'രണ്ടാനുമ്മ'യായിത്തീർന്നിരിക്കുന്നൂ എന്റെ സുഹൃത്തിന്റെ രണ്ടാം ഭാര്യ! തന്റേതല്ലാത്ത കാരണത്താൽ ത്വലാഖു ചൊല്ലപ്പെട്ട ഒരു പെണ്ണ്, പാവപ്പെട്ട കുടുംബത്തിലെ അംഗം. നഷ്ടപ്പെട്ട ജീവിതവെട്ടം മറ്റൊരാളിലൂടെ കിട്ടിയിരുന്നെങ്കിൽ എന്നാശിച്ച് വർഷങ്ങൾ കഴിച്ചു കൂട്ടിയ പെണ്ണ്. അതിന്നു വേണ്ടി നിത്യേന കണ്ണീർ പൊഴിച്ച് അല്ലാഹുവിനോട് പ്രാർത്ഥിച്ചിരുന്നവൾ. വിവാഹം കഴിഞ്ഞതിന്റെ ആദ്യനാളുകളിൽ ഒരു വിശ്വാസിനിയുടെ കരളും കരുണയും പ്രകടിപ്പിച്ചവൾ. എത്ര പെട്ടെന്നാണ് അവളൊരു രണ്ടാനുമ്മയായത്!!!

വിഷയം മറ്റൊന്നായതു കൊണ്ടും ഇത്തരം അനുഭവങ്ങൾ നിങ്ങളുടെ ചുറ്റുവട്ടങ്ങ ളിലും ഉണ്ടാകാൻ സാധ്യതയുള്ളതു കൊണ്ടും സംഭവം ഇവിടെ അവസാനിപ്പിക്കു കയാണ്. എന്തുകൊണ്ടാണ് ഒരു പെണ്ണിൽ ഇങ്ങനെയൊരു ദുരന്തം സംഭവിക്കുന്നത്? രണ്ടാനുമ്മമാരുടെ നികൃഷ്ടചെയ്തികളുടെ കഥകൾ നാമൊരുപാട് കേട്ടിട്ടുണ്ട്. അവ രുടെ കീഴിൽ നരകയാതനകൾ അനുഭവിക്കുന്ന ഒരുപാട് കുഞ്ഞുങ്ങളുടെ കഥയും മനസ്സിലാക്കിയിട്ടുണ്ട്. വിവാഹ ജീവിതം മുറിഞ്ഞു പോയവരൊ, വിധവകളൊ ആയ നമ്മുടെ സഹോദരിമാർ രണ്ടാമതൊരു വിവാഹത്തിനൊരുങ്ങുന്ന വേളയിൽ എത്ര വിനയാന്വിതകളായിട്ടാണ് കാണപ്പെടാറ്. വിവാഹജീവതത്തിന്റെ ആദ്യനാളുകളിൽ തന്റെ ഭർത്താവിനോടും അയാളുടെ മക്കളോടും വളരെ മാന്യമായും കരുണയോ ടുമാണ് അവർ വർത്തിക്കാറ്. നാളുകൾ കഴിയുമ്പോൾ, അയാളിലൂടെ തനിക്കൊരു കുഞ്ഞു പിറക്കുമ്പോൾ അവളിലെ മാന്യതയും കരുണയും നശിക്കുകയാണ്. എങ്ങ നെയാണത് സംഭവിക്കുന്നത്?!

സഹോദരീ, ഒരുനാൾ എടുത്തു മാറ്റപ്പെട്ട ദാമ്പത്യജീവിതമെന്ന കാരുണ്യം വീണ്ടു തിരിച്ചുതന്ന അല്ലാഹുവിനെ നിനക്കു മറക്കാനാകുന്നതെങ്ങനെയാണ്? സഹോദരീ, കെട്ടുപ്രായം കഴിഞ്ഞിട്ടും ദീർഘകാലം ലഭിക്കാതിരുന്ന വിവാഹജീവിതമെന്ന അനു ഗ്രഹം വൈകിയാണെങ്കിലും കനിഞ്ഞുതന്ന പടച്ചതമ്പുരാനെപ്പറ്റിയുള്ള ചിന്ത എന്തേ നിന്നിലില്ലാതെ പോകുന്നത്? അല്ലാഹുവിൽ നിന്നും നിനക്കു നേടാനായ കരുണാ മൃതിൽ നിന്നും നീ കയറിച്ചെന്ന വീട്ടിലെ, നിന്റെ ഭർത്താവിന്റെ മക്കൾക്കു സമൃദ്ധ മായി നൽകാൻ നിനക്കെന്തിനാണിത്ര മടി? അവരെ ദ്രോഹിക്കാനും അവഗണ നയുടെ കണ്ണുകൊണ്ട് പരിചരിക്കാനും നിനക്കാവുന്നതെങ്ങിനെയാണ് സഹോദരീ?! 'നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണകാട്ടുക, ആകാശത്തുള്ളവൻ നിങ്ങളോട് കരുണകാട്ടും' എന്ന പ്രവാചകന്റെ തിരുമൊഴി നീ കേട്ടിട്ടില്ലെന്നൊ! അതല്ല, കിട്ടിയേടത്തോളം അനുഗ്രഹങ്ങൾ മതി, ഇനി ആരുടേയും ഔദാര്യങ്ങൾ വേണ്ടതില്ല എന്ന അഹങ്കാരമെങ്ങാനും നിനക്കുണ്ടൊ?!

സഹോദരീ, നിനക്കു സുപരിചിതമായ ഒരു ഹദീസുണ്ടല്ലോ; 'സ്ത്രീ അവളുടെ ഭർത്താവിന്റെ വീട്ടിലെ ഭരണാധികാരിയാണ്, അവന്റെ മക്കളുടേയും ഭരണാധികാരി. തന്റെ പരിധിയിലെ ഓരോ പ്രജകളെ സംബന്ധിച്ചും അവൾ ചോദിക്കപ്പെടുന്നതാണ്.' അല്ലാഹുവിലുള്ള വിശ്വാസവും പരലോകത്തിലെ കണിശമായ വിചാരണയെ സംബന്ധിച്ച ബോധവുമുള്ള ഒരു പെണ്ണ് ഈ പ്രവാചകമൊഴി വായിക്കുമ്പോൾ കരഞ്ഞുപോകും. സഹോദരീ, നീ രണ്ടാനുമ്മയായിരിക്കാം. പക്ഷെ, ഒന്നാനുമ്മയുടെ ഉത്തരവാദിത്തം തന്നെയാണ് നിനക്കുള്ളത്. നിന്റെ പരിഗണനയും പരിചരണവും നിന്റെ ഭർത്താവിന് നിന്നിലൂടെയുണ്ടാകുന്ന കുഞ്ഞുങ്ങളോട് മാത്രമാകരുത്. മേലെ ക്കൊടുത്ത ഹദീസ് നീ ഒന്നുകൂടി മനസ്സിരുത്തി വായിക്കുക: 'അവന്റെ മക്കളുടേയും' എന് പ്രസ്താവന നീ പ്രസവിച്ച മക്കളെ മാത്രമല്ലല്ലൊ സൂചിപ്പിക്കുന്നത്? നീ ചെന്നു കയറുമ്പോഴും അതിനു ശേഷവും അയാളുടെ മക്കളായി ആരൊക്കെയുണ്ടോ അവരുടെയൊക്കെ ഭരണാധികാരം നിന്റെ കൈകളിലാണ്. ഒരു ഭരണാധികാരിയുടെ സ്വഭാവമറിയില്ലെ നിനക്ക്? അവൻ വിവേചനം കാട്ടാത്ത നീതിമാനാകണം. തളരുന്നി ടത്ത് താങ്ങാകണം. കാരുണ്യത്തിന്റെ നിറക്കുടമാകണം. ശാസനാധികാരിയും ശിക്ഷ കനും മാത്രമല്ല, സ്നേഹവും ദയയും പ്രജകളിൽ സമൃദ്ധമായി നൽകുന്നവനും കൂടിയാകണം. തന്നെ ഈ ഉത്തരവാദിത്തം ഏൽപിച്ച മേലധികാരിയോട് കണക്കു ബോധിപ്പിക്കാൻ പറ്റും വിധമാകണം ഒരു ഭരണാധികാരിയുടെ പ്രവർത്തനം. അല്ലെ? സഹോദരീ, ഇതെല്ലാം അറിഞ്ഞിട്ടുമെന്തേ നീ ഇത്രമേൽ ക്രൂരയാകുന്നു?!

നന്ദികെട്ടവളാകരുത് നീ. ''നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർദ്ധിപ്പിച്ചു തരുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേട് കാണിക്കു കയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും.'' (ഇബ്റാഹീം: 7) എന്ന പടച്ചവന്റെ ഉപദേശം നീയെന്നും ഓർമ്മവെക്കണം. നിന്റെ ഭർത്താവിന്റെ ആദ്യഭാര്യയുടെ മക്കളോട് ക്രൂരമായും വിവേചനത്തോടേയും പെരുമാറുമ്പോൾ നീ ഒരു കാര്യം ഓർക്കുന്നത് നല്ലതാണ്. മരണം അയാളുടെ ആദ്യഭാര്യക്കു മാത്രമു ള്ളതല്ല; നിനക്കുമുണ്ട്. നീ മരണപ്പെടില്ലെന്നും അയാൾക്കൊരു മൂന്നാം ഭാര്യയുണ്ടാ കില്ലെന്നും നിനക്കുറപ്പുണ്ടൊ? അങ്ങനെയൊന്നു സംഭവിക്കുന്നുവെങ്കിൽ നിന്റെ മക്കൾക്കുമുണ്ടാകാവുന്ന ഗതിയെപ്പറ്റി നീ ചിന്തിച്ചു നോക്കിയിട്ടുണ്ടൊ? തിന്മക്ക് തിന്മ യുടെ പ്രതിഫലമല്ലാതെ സംഭവിക്കുമൊ സഹോദരീ? വിവേകവും വിനയവും ഉള്ളവളായാൽ, ഭർത്താവിന്റെ മക്കളെ മുഴുവൻ നീ നൊന്തുപെറ്റ സ്വന്തം മക്കളായി ക്കണ്ട്, സന്തോഷവും സമാധാനവും നിറഞ്ഞാടുന്ന ഒരു കുടുംബത്തിന്റെ അധിപയാ കാൻ നിനക്കാകും. ഖൽബിൽ പകയും സ്വാർത്ഥതയും കത്തിനിൽക്കുന്ന ഒരു പെണ്ണിന് സ്വസ്ഥതയുടെ ഒരംശം പോലും ദുനിയാവിലില്ല. പിന്നെ പരലോകത്തി ലവൾക്ക് എന്ത് ഗുണം കിട്ടാൻ?

സഹോദരീ, നിന്റെ കരുണയുടെ കരതലസ്പർശം ഉമ്മ നഷ്ടപ്പെട്ട മക്കളും അനുഭ വിക്കട്ടെ. നിന്റെ കരൾക്കഷ്ണങ്ങൾ പോലെ അവരും നിന്നോട് ചേർന്ന് കഴിയട്ടെ. സ്വന്തം ഉമ്മയുടെ മനസ്സ് അവർ നിന്നിൽക്കണ്ട് ആഹ്ലാദിക്കട്ടെ. പെണ്ണിന്റെ കണ്ണും കരളുമുള്ള നിനക്കതിന് കഴിയും. നിന്റെ നിറം കാണുമ്പോൾ നിന്നിലേക്കോടി യെത്തുന്ന, നിന്റെ മടിത്തട്ടിൽ സുഖമായുറങ്ങുന്ന, നിന്റെ വേർപാടിൽ വാവിട്ടു കരയുന്ന, നിന്നെപ്പറ്റി ആരോടും വളർമ്മ പറയുന്ന കുറേ മക്കളുടെ ഉമ്മയാകാൻ നിനക്കായാൽ അതെത്ര ഭാഗ്യമായിരിക്കും!!

സഹോദരീ, ഭർത്താവിന്റെ മക്കളിൽ നീ വേർതിരിവ് കാട്ടാതിരിക്കുക. അല്ലാഹു വിങ്കൽ കരഞ്ഞും കയ്യുയർത്തിയും ലഭിച്ച നേട്ടത്തെ വെറുമൊരു 'എളാമ്മ' പദവിയായി മാത്രം നീ കാണരുത്. നിന്റെ മാതൃത്വത്തിന് പടച്ചവൻ തന്ന അർഹമായ പരിഗണ നയാണത്. ചില രണ്ടാനുമ്മമാരുടെ ചെയ്തികൾ കാണുമ്പോൾ സൂറത്തു നഹ്ലിലെ 83-ാമത്തെ ആയത്ത് ഓർത്തു പോകാറുണ്ട്: ''അല്ലാഹുവിന്റെ അനുഗ്രഹം അവർ മനസ്സിലാക്കുകയും, എന്നിട്ട് അതിനെ നിഷേധിക്കുകയുമാണ് ചെയ്യുന്നത്. അവരിൽ അധികപേരും നന്ദികെട്ടവരാകുന്നു.'' സഹോദരീ, നീ കൂടി അറിയാൻ ഉദ്ധരിച്ച താണിത്.

സഹോദരീ, ത്വലാഖു ചൊല്ലപ്പെട്ടവളായി, വിധവയായി, കെട്ടുപ്രായം കഴിഞ്ഞിട്ടും മംഗല്യഭാഗ്യം ലഭിക്കാത്തവളായി കഴിച്ചുകൂട്ടിയ കാലത്ത് നീയനുഭവിച്ച മാനസിക പ്രയാസങ്ങളേയും, അവഗണനകളേയും, തീവ്രദുഃഖങ്ങളേയും ജീവിതത്തിൽ ഇടക്കിടെ ഓർക്കുന്നത് നല്ലതാണ്. എങ്കിൽ നിനക്കിന്ന് വന്നുകിട്ടിയ അനുഗ്രഹ പൂർണ്ണമായ ചുറ്റുപാടിൽ വിനയാന്വിതയാകാൻ നിനക്കാകും. ഗതകാല ജീവിതത്തെ പ്പറ്റിയുള്ള ഓർമ്മ നമ്മളിലില്ലാതെ പോകുമ്പോഴാണ് പടച്ചവനെ മറന്ന് പലതും നാം ചെയ്യുന്നത്. സൂറത്ത് ഹൂദിലെ 10-ാം വചനം അങ്ങനെയുള്ള ആളുകളെപ്പറ്റിയാണ് പറയുന്നത്:

''അവന്ന് ഒരു കഷ്ടത ബാധിച്ചതിനു ശേഷം നാമവന്ന് ഒരു അനുഗ്രഹം ആസ്വദിപ്പി ച്ചുവെങ്കിലോ, നിശ്ചയമായും അവൻ പറയും, തിന്മകൾ എന്നിൽ നിന്ന് ഒഴിഞ്ഞു പോയിരിക്കുന്നു എന്ന്. തീർച്ചയായും അവൻ ആഹ്ലാദഭരിതനും അഹങ്കാരിയു മാകുന്നു.''

ഇതു വായിച്ചതിനു ശേഷവും സഹോദരീ, അല്ലാഹുവിൽ നിന്ന് അഹങ്കാരി എന്ന വിളി കേൾക്കാൻ നീ ഇഷ്ടപ്പെടുന്നുണ്ടോ? ഇല്ല എങ്കിൽ പച്ചക്കരളുള്ള ഒരു ഉമ്മയാ കാൻ നീ ശ്രമിക്കുക. എങ്കിൽ നിന്റെ ഭർത്താവിന് നിന്നിൽ പ്രതീക്ഷയും മമതയുമു ണ്ടാകും. കുടുംബത്തിൽ സന്തോഷവും സമാധാനവും കളിയാടും.

ആദ്യഭാര്യയിലെ മക്കളോട് ക്രൂരമായിപ്പെറുമാറുന്ന രണ്ടാം ഭാര്യയോട് ഒരക്ഷരം പോലും ഉരിയാടാനാകാതെ കണ്ണടച്ചു ജീവിക്കുന്ന എത്ര ഭർത്താക്കന്മാർ നമ്മുടെ ചുറ്റുഭാഗത്തുമുണ്ടെന്നൊ?! അവർ എന്തുകൊണ്ടങ്ങനെ നിശ്ശബ്ധരായി കഴിയുന്നൂ എന്നിറിയില്ല. ഒന്നറിയാം; അവർ അത്തരം ഭാര്യമാരിൽ തൃപ്തരല്ല, അവരുടെ സാമീപ്യത്തിൽ സന്തോഷിക്കുന്നവരുമല്ല. ജോലികഴിഞ്ഞ് കയറിവരുമ്പോൾ തന്റെ മക്കളുടെ വാടിയ മുഖം ആ പിതാക്കളുടെ ഹൃദയത്തിൽ നൊമ്പരമായി എരിഞ്ഞു നിൽക്കാറുണ്ട്.

സഹോദരീ, നിന്നെ കാണുമ്പോൾ പുഞ്ചിരിക്കുന്ന, നിന്റെ ഏത് ആവശ്യവും നിവൃ ത്തിച്ചു തരുന്ന നിന്റെ ഭർത്താവിന്റെ ഹൃദയത്തിൽ, പക്ഷെ നിന്നെപ്പറ്റി സംതൃപ്ത മായ ഒരു വികാരമല്ല ഉള്ളത് എങ്കിൽ, എന്തു ജീവിതമാണത്? പ്രവാചകന്റെ വാക്ക് ശ്രദ്ധിക്കുക: 'സ്വന്തം ഭർത്താവിന്റെ ഹൃദയത്തിൽ തന്നെപ്പറ്റിയുള്ള സംതൃപ്തി ബാക്കിയാക്കി മരിച്ചു പോകുന്ന ഏതൊരു പെണ്ണിനും സ്വർഗത്തിലെ ഏത് വാതിലി ലൂടെയും പ്രവേശിക്കാം.' എന്തൊരു ഭംഗിയാണ് റസൂലിന്റെ ഈയൊരു വാഗ്ദാന ത്തിന്! നീയൊരു വിശ്വാസിനിയാണെങ്കിൽ ഈ വചനം നിന്നിൽ ചലനങ്ങളു ണ്ടാക്കും.

സഹോദരീ, കരുണയുള്ളവളാകുക. ഭർത്താവിന്റെ ആദ്യസന്താനങ്ങൾ നിന്നാൽ പീഢിപ്പിക്കപ്പെടുന്ന അവസ്ഥയുണ്ടാക്കാതെ നോക്കുക. 'നിങ്ങൾ പീഢിപ്പിക്കുന്നവ രുടെ പ്രാർഥനയെ നിങ്ങൾ സൂക്ഷിക്കണം. അവരുടെ പ്രാർഥനക്കും അല്ലാഹുവിന്നു മിടയിൽ മറയില്ല' എന്ന നബിവചനം എപ്പോഴും നിന്റെ ഓർമ്മയിലുണ്ടാകട്ടെ. ഭർതൃ മതിയാകും മുമ്പ് നിന്റെ കരളിൽ തുടിച്ചനിന്ന കരുണയുടെ തെളിനീർ, ഭർതൃമതിയായതിനു ശേഷവും നിന്നിൽ വറ്റാതെ നിലനിൽക്കട്ടെ. ഭർത്താവിന്റെ മക്കൾ, ആദ്യത്തേത് നിന്റേത് എന്ന വ്യത്യാസമില്ലാതെ നിർബാധം അതിൽ നിന്നും കുടിച്ചു വളരട്ടെ. അത് കണ്ട് ഒരു ഉത്തമ കുടുംബിനിയുടെ മാനസി കോല്ലാസം അനുഭവിക്കാനാകട്ടെ. സഹോദരീ, നീ ഒരു ഉമ്മയാകുക; രണ്ടാനുമ്മയായാലും.

